# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2464

09.12.2014-ൽ
മറുപടിയ്ക്ക്

## പുനലൂർ പേപ്പർ മിൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) പുനലൂർ പേപ്പർ മിൽ ഉൽപ്പാദനം ആരംഭിക്കത്തക്കവിധം പ്രവർത്തനസജ്ജമായോ; എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുന്നതിനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്; | എ) പുനലൂർ പേപ്പർ മിൽ ഉല്പാദനം ആരംഭിക്കത്തക്ക വിധം പ്രവർത്തന സജ്ജമായിട്ടുണ്ട്. മില്ലിന്റെ പ്രവർത്തനം 2014 ഡിസംബറിൽ തുടങ്ങുന്നതിനാണ് കമ്പനി തീരുമാനിച്ചിരിക്കുന്നത്. |
| ബി) പേപ്പർ മിൽ പുനഃരാരംഭത്തിന്റെ ഭാഗമായി നടത്തേണ്ടി വന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | ബി) പുനഃരാരംഭത്തിന്റെ ഭാഗമായുള്ള പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നു.<br>1) താഴെ പറയുന്ന സ്ഥാപനങ്ങളുമായുള്ള ബാദ്ധ്യതകൾ കമ്പനി തീർത്തു.<br>a) IFCI<br>b) IDBI<br>c) കോട്ടക് മഹീന്ദ്രാ ബാങ്ക് ലിമിറ്റഡ്<br>d) വാണിജ്യ നികുതി വകുപ്പ്<br>e) കെ.എസ്.ഇ.ബി<br>f) 20.11.2008- ൽ ലേബർ കമ്മീഷണറുടെ സാന്നിധ്യത്തിൽ ഒപ്പുവച്ച MoU അനുസരിച്ച് തൊഴിലാളികൾക്ക് കൊടുത്തു തീർക്കേണ്ട തുക (1982 മുതൽ കുടിശ്ശിക ആയത്) കൊടുത്തു തീർത്തു. കമ്പനി അടച്ചു പൂട്ടിയതുമൂലം ഉണ്ടായ തൊഴിൽ നഷ്ടപരിഹാരമായി എല്ലാ തൊഴിലാളികൾക്കും good will compensation ആയി വർഷംതോറും 1000/- രൂപ എന്ന രീതിയിൽ നഷ്ടപരിഹാരം നൽകി. |

.......2

2) ബഹു. കോടതിയിൽ നിന്നും നിയമിച്ച റീസീവറെ 24.04.2010-ൽ വിടുതൽ ചെയ്തു.

3) പഴയ മാനേജ്മെന്റിൽ നിന്നും SEBI മുഖേന പുതിയ മാനേജ്മെന്റ് കമ്പനി ഏറ്റെടുത്തു.

4) **മെഷിനറി നവീകരണം** -യൂണിറ്റിൽ 4 പ്ലാന്റുകളാണ് ഉണ്ടായിരുന്നത്. അതിൽ ഒന്ന് പഴയതും പുനഃരുപയോഗത്തിന് സാധിക്കാത്തതുമായതിനാൽ ഉപേക്ഷിക്കേണ്ടി വന്നു. ഒരു പ്ലാന്റ് മുഴുവനും പ്രവർത്തന സജ്ജമാക്കി ആദ്യഘട്ടം പൂർത്തീകരിച്ചു. മറ്റുള്ളവ തുടർന്നുള്ള ഘട്ടങ്ങളിൽ പ്രവർത്തിപ്പിക്കുവാനും തീരുമാനിച്ചു. ഒരു മെഷീന്റെ കപ്പാസിറ്റി 50 TPD യിൽ നിന്നും 90 TPD ആയി വർദ്ധിപ്പിച്ചു.

5) 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിച്ചു.

6) പുതിയ ബോയിലർ സ്ഥാപിച്ചു.

7) നിലവിലുള്ള കെട്ടിടങ്ങളുടെ റിപ്പയറിംഗ് നടത്തി

8) ലോണിനായി ബാങ്കുകളെയും ധനകാര്യ സ്ഥാപനങ്ങളെയും സമീപിച്ചുവെങ്കിലും അവർ തയ്യാറാകാത്തതിനെ തുടർന്ന് സ്വന്തം ഫണ്ട് കമ്പനി കണ്ടെത്തി.

9) ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിനേയും മലിനീകരണ നിയന്ത്രണ ബോർഡിനേയും സമ്മതപത്രങ്ങൾക്കായി സമീപിച്ചു.

10) വേസ്റ്റ് പേപ്പറും ഇറക്കുമതി ചെയ്ത പൾപ്പും അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കാൻ തീരുമാനിച്ചു.

11) പുതിയ Pulping System സ്ഥാപിച്ചു.

12) വൈദ്യുതീകരണ സംവിധാനം പരിഷ്കരിച്ചു.

13) മലിനജലം ഒഴിവാക്കുന്നതിന് പുതിയ Krofta സ്ഥാപിച്ചു.

--------3

| | |
|---|---|
| സി) പുനലൂർ പേപ്പർ മിൽ കമ്പനിയുടെ ഭൂമി വിൽക്കുന്നതുമായി ബന്ധപ്പെട്ട് കമ്പനി ബോർഡ് യോഗം ചർച്ചചെയ്യുകയോ തീരുമാനം എടുക്കുകയോ ചെയ്തിട്ടുണ്ടോ; പ്രസ്തുത ഭൂമി വില്പനയുമായി സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | സി) പുനലൂർ പേപ്പർ മില്ലിന്റെ നിലവിലുള്ള സാമ്പത്തിക ബാധ്യതകൾ തീർപ്പാക്കുന്നതിനും പ്രവർത്തനമൂലധനം കണ്ടെത്തുന്നതിനുമായി കമ്പനിയുടെ സ്വന്തം ഭൂമി ഉൾപ്പെടെയുള്ള സ്ഥിരം ആസ്തികൾ വിൽക്കുകയോ പാട്ടത്തിന് നൽകുകയോ ചെയ്യുന്നത് സംബന്ധിച്ച് 27.09.2014-ൽ ചേർന്ന വാർഷിക പൊതുയോഗത്തിൽ ചർച്ചചെയ്യുകയും ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിന് കമ്പനിയുടെ ഡയറക്ടർ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുള്ളതായും ഓഹരി ഉടമകൾ ഇക്കാര്യം അംഗീകരിച്ചതായും കമ്പനി അറിയിച്ചിട്ടുണ്ട്. എന്നാൽ BIFR ഉൾപ്പെടെയുള്ള ബന്ധപ്പെട്ട അധികാരികളിൽ നിന്നും അനുമതി ലഭിച്ചതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ കമ്പനിക്ക് കഴിയുകയുള്ളൂ. ഈ വിഷയം പരിശോധിച്ച് അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുവാൻ കൊല്ലം ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**